പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2693

10/12/2014-ൽ മറുപടിയ്ക്ക്

**ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശംബളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ: സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള നിരവധി ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശംബളവും മറ്റാനുകൂല്യങ്ങളും മാസങ്ങളായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശംബളം, ശംബള കുടിശ്ശിക എന്നിവ സംബന്ധിച്ച് പരാതികൾ 2014 ജൂൺ 30- നകം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് രേഖാ മൂലമോ, ഫോൺ മുഖേനയോ അറിയിക്കാവുന്നതാണെന്ന് കാണിച്ച് 19/6/2014 -ൽ ബോർഡ് പത്രക്കുറിപ്പ് ഇറക്കിയതിന്റെ അടിസ്ഥാനത്തിൽ 87 ഓളം പരാതികൾ ലഭിച്ചിരുന്നു. 70 ഓളം പരാതികളിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. മറ്റു പരാതികൾ പരിശോധിച്ച് ശംബളവും ശംബളകുടിശ്ശികയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | പത്തു ലക്ഷം രൂപ വരുമാനം ലഭിക്കുന്ന ക്ഷേത്രങ്ങൾക്ക് മാനേജ്മെൻറ് ഫണ്ട് അനുവദിക്കാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണമായിരിക്കുന്നതെന്നതിനാൽ മാനേജ്മെൻറ് ഫണ്ട് അനുവദിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്താൻ തയ്യാറാകുമോ; | ബി) | സർക്കാർ ഉത്തരവ് (എം.എസ്) 258/10/ആർഡി തീയതി 28/2/2009 ഉത്തരവ് പ്രകാരം ക്ഷേത്ര ജീവനക്കാർക്ക് ശംബളം നൽകുന്നതിന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുവാൻ സർക്കാർ നിശ്ചയിച്ച പ്രതിവർഷ വരുമാന പരിധി 5 ലക്ഷം രൂപയാണ്. മാനേജ്മെൻറ് ഫണ്ടിൽ നിന്നും ശംബളയിനത്തിലെ ധനസഹായം അനുവദിക്കുന്നതിന് 5 ലക്ഷമെന്ന വരുമാന പരിധി അപര്യാപ്തമാണെന്ന് കണ്ടതിനെ തുടർന്ന്, ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് മലബാർ ദേവസ്വം ബോർഡ് സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിധേയമായി 10 ലക്ഷം വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 50% തുക മാനേജ്മെൻറ് ഫണ്ടിൽ നിന്നും ബോർഡ് അനുവദിച്ചുവരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| സി) | ശംബള കുടിശ്ശിക ആവശ്യപ്പെട്ട ജീവനക്കാർക്കെതിരെ സ്വീകരിക്കുന്നതായി പറയപ്പെടുന്ന പ്രതികാര നടപടികൾ പിൻവലിക്കാൻ നിർദ്ദേശം നൽകുമോ? | സി) | ഇത്തരത്തിലുള്ള യാതൊരു നടപടിയും ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ